ആമുഖം

പാലക്കാട് ജില്ലയിലെ പറളി പഞ്ചായത്തിലെ വഴുക്കപ്പാറ എന്ന ഗ്രാമത്തിൽ 55 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന അഗ്നിദത്ത ഷേണായിക് മെമ്മോറിയൽ ബേസിക് സ്കൂൾ സ്ഥിതിചെയ്യുന്നു. 1951 June 5 ന് നിലവിൽ വന്നു. ആദ്യ മാനേജർ AP മന്നാടിയാർ ആയിരുന്നു. നിലവിൽ ഈ മാനേജർ ആയി തുടരുന്നത് അക്ബർ. വിശാലമായ കളിസ്ഥലം, പാചകപ്പുര, വാഹനസൗകര്യം തുടങ്ങിയവ ലഭ്യമാണ്. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളും മാനേജ്മെന്റിന്റെയും PTA യുടെയും സജീവ സാന്നിധ്യം ഉണ്ടാകാറുണ്ട്. ഇത് സ്കൂളിന്റെ ഉയർച്ചക്ക് സഹായകമാണ്.

# അക്കാദമിക പൊതു ലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് എല്ലാ കുട്ടികൾക്കും മലയാളം തെറ്റ് കൂടാതെ എഴുതാനും വായിക്കാനും ശേഷി ഉണ്ടാക്കുക.
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കരാക്കി മാറ്റുക.
- കുട്ടികളുടെ മികവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുക.
- പ്രതിഭകളായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക.
- കൂടുതൽ കുട്ടികളെ LSS വിജയികളാക്കുക.
- കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതയും ജീവിസ്നേഹവും വളർത്തുക.
- കുട്ടികളെ പരിസ്ഥിതി സ്നേഹമുള്ളവരാക്കുക.
- നാലാം ക്ലാസ്സ് കഴിയുമ്പോഴേക്കും എല്ലാ കുട്ടികളെയും ചതുഷ്ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുക.
- കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക.
- കുട്ടികളുടെ കലാ കായികശേഷി വർദ്ധിപ്പിക്കുക എല്ലാ കുട്ടികൾക്കും വായനശാലയിൽ അംഗത്വം നൽകുക.
- ക്ലാസ്സ് ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്തുക.
- വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പുകൾ തയ്യാറാക്കുക.
- കുട്ടികളിൽ സാമൂഹിക അവബോധം ഉണ്ടാക്കുന്നതിനായി ദിനാചരണങ്ങൾ നടത്തുക.
- ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിത സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- രക്ഷിതാക്കളെ സ്കൂളുമായി കൂടുതൽ അടുപ്പിക്കുക. കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക.

## അക്കാദമിക നേട്ടങ്ങൾ

വിദ്യാലയത്തിലെ കുട്ടികൾ LSS, നവോദയ എന്നീ പരീക്ഷകളിൽ വിജയിക്കാറുണ്ട്. കലാ കായിക രംഗങ്ങളിലും മികച്ച വിജയം നേടാറുണ്ട്.

## പരിമിതികൾ

കലാ കായിക പരിശീലനത്തിന് പ്രത്യേകം അധ്യാപകരില്ലാത്തത് കുട്ടികളുടെ പ്രകടനത്തെ ബാധിക്കാറുണ്ട്.

## പദ്ധതി രൂപീകരണ പ്രക്രിയ

1. SRG യോഗത്തിൽ ഞെക്ലി സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണവും ചർച്ചയും.
2. കരടു രൂപരേഖ ക്ലാസ്സ്-വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കൽ.
3. SRG, PTA, വികസന സമിതി എന്നിവയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. ക്രോഡീകരിച്ച പദ്ധതി രേഖ തയ്യാറാക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

**മലയാളം STD- I**

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും മലയാളം തെറ്റ് കൂടാതെ എഴുതാനും വായിക്കാനുമുള്ള ശേഷി. | ➢ പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. eg: ചിത്രം നൽകി അവയുടെ പേര് പറയാൻ ആവശ്യപ്പെടുന്നു. ശേഷം അക്ഷര കാർഡുകൾ നിരത്തിയ കൂട്ടത്തിൽ നിന്ന് അവ എടുത്തു തെർമോകോൾ ബോർഡിൽ പതിപ്പിക്കാൻ ആവശ്യപ്പെടൽ.<br>➢ അധിക സമയ പഠന ക്ലാസ്സ് (അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറക്കാനുള്ള പ്രവർത്തനങ്ങൾ നൽകൽ - Module പ്രകാരം.<br>➢ അക്ഷരം ഉറപ്പിക്കൽ.<br>➢ ICT - കാർട്ടൂൺസ്.<br>➢ വർക്ക് ഷീറ്റുകൾ നൽകി പരിശീലിപ്പിക്കുന്നു.<br>➢ നിശ്ചിത അക്ഷരങ്ങൾ നൽകി പത്ര വാർത്തകളിൽ നിന്ന് അടിവരയിടുന്നു. → തുടർ പ്രവർത്തനം എന്ന രീതിയിൽ പത്രവായനയിലേക്കും ഈ പ്രവർത്തനം നയിക്കും.<br>➢ അക്ഷരമരം | ജൂൺ മുതൽ മാർച്ച് വരെ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ. | ക്ലാസ് ടീച്ചർ | PTA<br>Parents<br>Staffs<br>BRC |
| 2. | പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ | | | | |



| | | | | | |
|---|---|---|---|---|---|
| 3. | ലഘുവാക്യ നിർമ്മാണവും വായനയും | ➢ ചിഹ്നങ്ങൾ ഉറപ്പിക്കൽ → ചിഹ്നങ്ങൾ ഒഴിവാക്കി വാക്കുകൾ നൽകൽ - eg: മ_തല (മുതല).<br>➢ ഓരോ അക്ഷരങ്ങളിൽ നിന്ന് ഓരോ ചിത്രങ്ങൾ.<br>➢ അക്ഷര കാർഡുകൾ നിരത്തി വാക്കുകൾ ഉണ്ടാക്കുന്നു.<br>➢ വാക്ക് കാർഡുകൾ വച്ച് ലഘു വാക്യങ്ങൾ ഉണ്ടാക്കുന്നു.<br>➢ വായനാ കാർഡുകൾ ഉണ്ടാക്കി നൽകൽ.<br>➢ കഥാ പുസ്തകങ്ങൾ നൽകി വായന.<br>➢ ലളിതമായ ബാല സാഹിത്യ കൃതികൾ, ചിത്രകഥകൾ എന്നിവ പരിചയപ്പെടുത്തുന്നു.<br>➢ ആംഗ്യപ്പാട്ട് - വീഡിയോ കാണിച്ച് കുട്ടികളെക്കൊണ്ട് പാട്ട് പാടിക്കുകയും ആംഗ്യം കാണിക്കാൻ പറയുകയും ചെയ്യുന്നു.<br>➢ അഭിനയക്കളരി - കുട്ടികൾ അഭിനയിച്ച് വസ്തു, പ്രവൃത്തി എന്നിവ ചെയ്യുന്നു. മറ്റുള്ളവർ അത് പറയുന്നു, എഴുതുന്നു. | | | |

ഗണിതം STD - I

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1.<br><br>2.<br><br>3. | എല്ലാ കുട്ടികൾക്കും 1 മുതൽ 100 വരെ സംഖ്യകൾ വായിക്കാനും എഴുതാനും സാധ്യമാവുക.<br><br>ക്രിയകൾ ചെയ്യാനുള്ള പ്രാവിണ്യം നേടുക.<br><br>ക്രിയകളിൽ വേഗതയും കൃത്യതയും സാധ്യമാവുക | • പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. eg: ഹാജർ പട്ടികയിലെ പേര് വിളിക്കാതെ ഓരോരുത്തർക്കും സംഖ്യ നൽകി പറയാൻ ആവശ്യപ്പെടുന്നു.<br>• ഓരോ പേപ്പർ ഗ്ലാസ്സിനു പുറത്തും സംഖ്യകൾ എഴുതി, ആ നിശ്ചിത സംഖ്യയുടെ അത്രയും മഞ്ചാടി അതിൽ ഇടാൻ ആവശ്യപ്പെടൽ.<br>• 1 മുതൽ 20 വരെയുള്ള സംഖ്യകൾക്കനുസൃതമായി വ്യത്യസ്ത തരത്തിൽ പൂക്കൾ/പന്തുകൾ/കാർ തുടങ്ങിയവ ക്രമീകരിക്കുന്നു., സംഖ്യകൾ എഴുതുന്നു.<br>• സംഖ്യകൾക്കനുസൃതമായി കുട്ടികൾ ഗ്രൂപ്പ് ആകുന്നു. കൂട്ടമായി ഇരിക്കുന്നു.<br>• ഓരോ സംഖ്യയുടെയും ഊന്നൽ നൽകുന്ന തരത്തിലുള്ള വർക്ക് ഷീറ്റ് നൽകൽ.<br>• ഓരോ സംഖ്യയ്ക്കനുസൃതമായും ഈർക്കിൽ/മഞ്ചാടി കൂട്ടങ്ങളാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ നടത്തേണ്ടുന്ന പ്രവർത്തനം. | ക്ലാസ്സ് ടീച്ചർ | PTA<br>Parents<br>Staffs<br>BRC |



| | | | | | |
|---|---|---|---|---|---|
| | | • നിശ്ചിത കൂട്ടം മഞ്ചാടികൾ നൽകുന്നു. പേപ്പർ ഗ്ലാസ്സിന് പുറത്ത് എഴുതിയ സംഖ്യയ്ക്ക് തുല്യമായി മഞ്ചാടി ഗ്ലാസിൽ ഇടുന്നു. ബാക്കി എത്ര എന്ന് കണ്ടെത്തുന്നു.<br>• അധിക സമയ പഠന ക്ലാസ്<br>• ICT കാർട്ടൂൺസ്<br>• സംഖ്യാ പാറ്റേൺ<br>• സംഖ്യാ മരം<br>• കുസൃതി കണക്ക്<br>• മനക്കണക്ക്<br>• സംഖ്യകൾ ഉപയോഗിച്ച് ചിത്രം വര | | | |
| | | | | | |

## ENGLISH STD - I

| Sl No. | AIM | ACTIVITIES | DURATION | RESPOSIBILITY | SUPPORT |
|---|---|---|---|---|---|
| 1.<br><br>2.<br><br>3 | Make the pupil to read and write English.<br><br>Make the pupil to speak small sentences.<br><br>Make interest towards English language | • Providing special class in the morning.<br>• Drawing pictures using English alphabet<br>• Cards - Letters, words.<br>• Picture cards – ask the students to name it and write its name.<br>• Telling stories with the help of pictures.<br>• Supply different worksheets.<br>• Provide reading materials.<br>• I C T – Cartoons<br>• Actions Songs.<br>• Rhyming Songs – either audio of video.<br>• Note down new words from each chapter and making a "New Word Collection Book" | Activities should be conducted from June to March. | Class Teacher | PTA<br>Parents<br>Staffs<br>BRC |



## മലയാളം STD - II

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1.<br><br>2<br><br>3. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ<br><br>അക്ഷരവും ചിഹ്നവും ഉറപ്പിക്കൽ [തിരഞ്ഞെടുത്ത MODULE ഉപയോഗിച്ച്] | 1. Pre-test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നം ഉറപ്പിക്കൽ<br>4. അക്ഷരക്കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. വായനക്കാർഡ് നൽകുക.<br>9. വാർത്ത വായന | 02.06.2017 മുതൽ 15.06.2017 വരെ. | ക്ലാസ്സ് ടീച്ചർ | SRG<br>PTA |
| | | 1. വർക്ക്ഷീറ്റ് നൽകുന്നു.<br>2. വായന, ലേഖനം.<br>3. പ്രത്യേക ക്ലാസുകൾ | ദിവസവും 1 മണിക്കൂർ മാസത്തിൽ ഒരു ദിവസം [ജൂലൈ - ഫെബ്രുവരി] | ക്ലാസ്സ് ടീച്ചർ | SRG<br>Parents<br>CPTA |
| 4. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ്സ് ലൈബ്രറിയിൽ അംഗത്വം എടുക്കൽ, ചുമതല<br>3. പുസ്തക വിതരണം<br>4. വായനാനുഭവം പങ്കുവയ്ക്കൽ<br>5. വായനാക്കുറിപ്പ് - വായന<br>6. വായനാക്കുറിപ്പ് - പതിപ്പ്<br>7. വാർത്ത വായന<br>8. T B വായനാ മത്സരം<br>9. അമ്മവായന [അമ്മമാരുടെ വായനാക്കുറിപ്പ് CPTAയിൽ അവതരിപ്പിക്കൽ | ജൂലൈ മുതൽ ഫെബ്രവരി വരെ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ലൈബ്രറി ചുമതലയുള്ള കുട്ടി.<br>PTA<br><br>SRG | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 5.<br><br>6.<br><br>7.<br><br>8. | കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുക<br><br>അക്ഷരം, ചിഹ്നം എന്നിവ ഉറപ്പിക്കുക<br><br>നിഘണ്ടു- പരിചയം<br><br>നിർമ്മാണം<br>വാക്യ നിർമ്മാണം | 1. എഴുത്തുകൂട്ടം - രൂപീകരണം<br>2. പദശേഖരണം<br>3. പദങ്ങളെ വിന്യസിക്കൽ<br><br>4. നിഘണ്ടു നിർമ്മാണം<br><br>5. പുതിയ വാക്യങ്ങൾ - ലേഖനം | ജൂലൈ മുതൽ ഫെബ്രുവരി വരെ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ് ലീഡർ<br>ഗ്രൂപ്പ് ലീഡർ | |



ഇംഗ്ലീഷ് STD - II

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിശകലനം |
|---|---|---|---|---|---|
| 1<br><br>2<br><br>3 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനും ചെറിയ വാക്യങ്ങൾ പറയാനും സാധ്യമാകുക<br><br>ഇംഗ്ലീഷ് ഭാഷയോട് താൽപ്പര്യം ഉണ്ടാക്കുക<br><br>Dictionary കൈകാര്യം ചെയ്യാൻ പഠിക്കുക | 1. ഇംഗ്ലീഷ് വായനാ മത്സരം<br><br><u>ഒന്നിച്ചു നടക്കാം</u><br><br>2. Reading groupനെ പ്രോത്സാഹിപ്പിച്ച് അവരിൽ മത്സരബുദ്ധി ഉണ്ടാക്കുന്നു. പ്രോത്സാഹനം നൽകുന്നു.<br>3. വിവിധ തരം വർക്ക് ഷീറ്റ് (ഭിന്ന നിലവാരം ഉള്ളത്)<br><br>4. ഇംഗ്ലീഷ് പതിപ്പുകൾ<br><br>5. വായനാക്കാർഡ്<br><br>6. Action Song - rhyme<br><br><u>കണ്ടെത്താം - നിർമ്മിക്കാം</u><br>ഒരു യൂണിറ്റിനെ അടിസ്ഥാനമാക്കി ഒരു dictionary നിർമ്മിക്കണം | ജൂൺ - മാർച്ച്<br>[ആഴ്ചയിൽ 1]<br><br>ദിവസവും<br><br>ജൂൺ - മാർച്ച്<br>(മാസത്തിൽ 1)<br><br>ആഴ്ചയിൽ 1<br><br>ജൂൺ - മാർച്ച്<br>(യൂണിറ്റ് അവസാനം ) | ക്ലാസ്സ് ടീച്ചർ | Parents |

ഗണിതം STD - II

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | 1-1000 വരെ സംഖ്യാബോധം എല്ലാ കുട്ടികളിലും ഉണ്ടാക്കുക. | • സംഖ്യാ പാറ്റേണുകൾ, വർക്ക് ഷീറ്റ്, സംഖ്യാ ഏണി നിർമ്മാണം, സംഖ്യാ റിബ്ബൺ, സംഖ്യാ മരം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| 2. | ക്രിയകൾ ചെയ്യാനുള്ള പ്രാവണ്യം നേടുക | | | | |
| 3. | കലണ്ടർ നോക്കി തീയതി, ദിവസം കണ്ടെത്താൻ സാധിക്കുക. | • കലണ്ടർ നിർമ്മാണം | | ക്ലാസ്സ് ടീച്ചർ | |
| 4 | യുക്തി ചിന്ത വളർത്തുക | | | | |
| 5 | ക്രിയകളിൽ വേഗതയും കൃത്യതയും ആർജ്ജിക്കുക. | • മനക്കണക്കുകൾ, ഗണിത ക്വിസ്, Puzzles | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |



കലാ കായികം STD - II

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളിൽ സർഗാത്മകത വളർത്തുക | • പാഠ ഭാഗത്തുള്ള ആശയങ്ങളെ നാടകം, സംഭാഷണം, കവിത എന്നീ രൂപങ്ങളിലാക്കി അവതരിപ്പിക്കൽ. പൂമ്പാറ്റ, പൂക്കൾ, ചെടികൾ എന്നിവയുടെ നിർമ്മാണം. | ജൂലായ് - ഫെബ്രുവരി | ക്ലാസ് ടീച്ചർ | SRG |
| 2 | ആസ്വാദനശേഷി വർദ്ധിപ്പിക്കുക | • പാഠ ഭാഗത്തുള്ള കവിതകളെ വ്യത്യസ്ത ഈണത്തിലും താളത്തിലും അവതരിപ്പിക്കൽ - കവിതാ ശേഖരണം - അവതരണം | | | |
| 3 | ആത്മവിശ്വാസം വളർത്തുക | • ആശയങ്ങളെ പ്രസംഗ രൂപത്തിൽ അവതരിപ്പിക്കൽ. | | | CPTA |
| 4 | സ്വതന്ത്ര രചന നടത്തുക | • കഥ പൂർത്തിയാക്കൽ, ചിത്രം നോക്കി കഥ എഴുതാൻ പറയൽ | | | |
| 5 | നല്ല വ്യായാമം നല്ല ആരോഗ്യം | • കുട്ടികളിൽ വളർത്തിയെടുക്കേണ്ട ചെറിയ വ്യായാമ മുറകൾ പരിശീലനം | | | |

EVS STD - II

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | ചുറ്റുപാടുമുള്ള സസ്യങ്ങളെ അറിയുക [ഉപയോഗം, പേര്, പ്രത്യേകതകൾ] പ്രൊജക്റ്റ് | • പ്രകൃതി നടത്തം, മുതിർന്നവരുമായി സംഭാഷണം.<br>• പട്ടികപ്പെടുത്തൽ<br>• ചിത്രീകരിക്കൽ<br>• പോസ്റ്റർ രചന | | ക്ലാസ്സ് ടീച്ചർ | PTA<br>SRG |
| 2. | ജലത്തിന്റെ മൂല്യം | • വാർത്തകൾ ശേഖരിക്കൽ<br>• പോസ്റ്റർ<br>• പരീക്ഷണം<br>• സന്ദേശ വാക്യങ്ങൾ | | ക്ലാസ്സ് ടീച്ചർ | |
| 3. | സസ്യങ്ങളും ജന്തുക്കളും തമ്മിലുള്ള ബന്ധം | • ആഹാരവും ജീവികളും നിരീക്ഷണം<br>• പട്ടികപ്പെടുത്തൽ<br>• നിഗമനം | | | |



മലയാളം STD - III

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ | മുൻ ക്ലാസ്സിൽ നേടിയിരിക്കേണ്ട അക്ഷരങ്ങളും വാക്കുകളും ആവർത്തനം നടത്തിയതിന് ശേഷം PRE-TEST നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തുന്നു. | 2 ആഴ്ച | ക്ലാസ്സ് ടീച്ചർ | |
| 2 | എല്ലാ കുട്ടികൾക്കും മലയാളം എഴുതാനും വായിക്കാനും സാധ്യമാവുക | മലയാളത്തിളക്കം, ശ്രദ്ധ എന്നിവയിലൂന്നി വീഡിയോ പ്രദർശനം നടത്തി പ്രവർത്തനങ്ങൾ നൽകൽ, ആഭരണമണിയിക്കൽ, വിട്ടുപോയ അക്ഷരം പൂരിപ്പിക്കൽ, അക്ഷരങ്ങളും വാക്കുകളും ക്രമം തെറ്റിച്ച് നൽകൽ. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| 3 | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരായി മാറ്റുക. | ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കൽ, കുട്ടികളുടെ നിലവാരമനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ, ക്ലാസ്സ്മുറിയിൽ ഒരു പത്രം ലഭ്യമാക്കൽ, അസംബ്ലിയിൽ പത്രം വായിപ്പിക്കൾ, പത്ര ക്വിസ് നടത്തൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | PTA |
| 4 | രചനാപരമായ കഴിവ് വളർത്തുക | വായനാക്കുറിപ്പ് എഴുതൽ, ആഴ്ചയിൽ ഒരിക്കൽ ബ്ലോഗിൽ പ്രദർശിപ്പിക്കൽ, ആശയത്തെ ചിത്രമാക്കി മാറ്റൽ, ഒരു കഥയുടെ കുറച്ചു ഭാഗം നൽകി ബാക്കി കഥ പറയിപ്പിക്കൽ, എഴുതിക്കൽ, ചിത്രം നൽകി അടിക്കുറിപ്പ് എഴുതിക്കൽ, ബാലസഭയിൽ വായനാക്കുറിപ്പ് അവതരണം | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | PTA<br>ഗ്രന്ഥശാല |

| | | | | | |
|---|---|---|---|---|---|
| 5 | പദസമ്പത്ത് വർദ്ധിപ്പിക്കൽ | പത്രങ്ങളിൽ നിന്നും മാസികകളിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തി ലിസ്റ്റ് ചെയ്യൽ, അക്ഷരമാല ക്രമത്തിൽ നിഘണ്ടു നിർമ്മാണം. | ജൂൺ-മാർച്ച് | പത്രങ്ങൾ, മാസികകൾ | |
| 6 | സർഗാത്മകത വളർത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് പൂക്കളുടെ നിർമ്മാണം, മുഖം മൂടി നിർമ്മാണം, കവിതയെ നാടകമാക്കി അഭിനയിക്കൽ, കവിത വിവിധ ഈണത്തിൽ അവതരിപ്പിക്കൽ, പട്ടം എന്ന കഥ നാടകമാക്കൽ, ഗാന്ധിജി, മദർ തെരേസ, നെഹ്റു തുടങ്ങിയ മഹാന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ, അവരെപ്പറ്റി ലഘു പ്രസംഗം ബാലസഭയിൽ അവതരിപ്പിക്കൽ. | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ | PTA |



## ഗണിതം STD - III

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | 1 മുതൽ 1000 വരെയുള്ള സംഖ്യാബോധവും വ്യത്യസ്ത രീതിയിലുള്ള വ്യാഖ്യാനവും നേടുക | സംഖ്യാ കളികൾ, അബാക്കസ് നിർമ്മാണം, സംഖ്യാ റിബ്ബൺ, വാല് വരച്ചു ചേർക്കൽ, സംഖ്യാ മരം, പാറ്റേൺ പൂർത്തിയാക്കൽ, പൊക്കത്തിനനുസരിച്ച് സംഖ്യാ കാർഡുകൾ നൽകി ക്രമീകരിക്കൽ. | 1 മാസം അധിക സമയം | ക്ലാസ്സ് ടീച്ചർ | PTA |
| 2. | സങ്കലന വ്യവകലന വസ്തുതകൾ ഉറപ്പിക്കൽ. | സംഖ്യാ കളികൾ, മാന്ത്രിക ചതുരം പൂർത്തിയാക്കൽ, നിർമ്മിക്കൽ, മനക്കണക്കുകൾ, puzzles. | | | |
| 3. | നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി സമയം കണ്ടെത്താനുള്ള ശേഷി നേടുക. | ക്ലോക്ക് നിർമ്മാണം, ക്ലോക്കിന്റെ ചിത്രം വരക്കൽ, ഓട്ടമത്സരം നടത്തൽ, കലണ്ടർ നോക്കി ആഴ്ച, മാസം കണ്ടുപിടിക്കൽ, കലണ്ടർ നിർമ്മാണം. | 1 മാസം | ക്ലാസ്സ് ടീച്ചർ | |
| 4. | ഗുണന വസ്തുതകൾ ഉറപ്പിക്കൽ | സംഖ്യാ കളികൾ, IT സാദ്ധ്യത പ്രയോജനപ്പെടുത്തൽ, പാറ്റേൺ പൂർത്തിയാക്കൽ | 1 ആഴ്ച | ക്ലാസ്സ് ടീച്ചർ | |
| 5. | അളവ് തൂക്ക ഉപകരണങ്ങളുടെ നിർമ്മാണത്തിൽ പങ്കു ചേരൽ | മീറ്റർ സ്കെയിൽ നിർമ്മാണം, കളിത്രാസ് നിർമ്മാണം. | 1 ദിവസം | ക്ലാസ്സ് ടീച്ചർ | PTA |
| 6. | പിന്നോക്കക്കാർക്ക് സംഖ്യാബോധം ഉറപ്പിക്കുക | സംഖ്യാ കാർഡ്, സംഖ്യാ നിർമ്മാണം, വർക്ക് ഷീറ്റ്, സംഖ്യാ വായന. | 1 ആഴ്ച. | ക്ലാസ്സ് ടീച്ചർ | PTA |
| 7. | ഗണിതക്രിയയിൽ വേഗതയും കൃത്യതയും ആർജ്ജിക്കുക. | മനക്കണക്ക്, കുസൃതിക്കണക്ക്, വർക്ക്ഷീറ്റ്. | ജൂൺ-മാർച്ച് | | |

## പരിസരപഠനം STD - III

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | നമ്മുടെ ചുറ്റുപാടുമുള്ള സസ്യങ്ങളെയും ജീവികളെയും തിരിച്ചറിയുകയും അവയുടെ പ്രത്യേകതകൾ മനസ്സിലാക്കുകയും ചെയ്യൽ | പ്രകൃതി നടത്തം, വാസസ്ഥലങ്ങൾ നിരീക്ഷിക്കൽ, പോസ്റ്റർ രചന, ചിത്ര രചന, പരീക്ഷണം, സസ്യങ്ങളെയും ജീവികളെയും പട്ടികപ്പെടുത്തൽ. | ജൂൺ, ജൂലൈ | ക്ലാസ്സ് ടീച്ചർ | |
| 2 | ജലാശയങ്ങൾ മലിനമാകുന്നത് തടയാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | നിരീക്ഷണം, സർവ്വേ, സന്ദേശവാക്യങ്ങൾ എഴുതൽ, പോസ്റ്റർ നിർമ്മാണം, വാർത്തകൾ ശേഖരിക്കൽ, പരീക്ഷണം. | 1 ആഴ്ച | ക്ലാസ്സ് ടീച്ചർ | MPTA |
| 3 | ശാസ്ത്രാഭിമുഖ്യം വളർത്തൽ. | ക്ലബ്ബ് രൂപീകരണം, ശാസ്ത്ര പുസ്തകങ്ങൾ വായന-ചർച്ച, പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ, പ്രൊജക്റ്റ് പൂർത്തിയാക്കൽ, യുറീക്ക പോലുള്ള ശാസ്ത്ര മാസികകൾ പരിചയപ്പെടാനും വായിക്കാനുമുള്ള അവസരം ഒരുക്കൽ. | 1 വർഷം | ക്ലാസ്സ് ടീച്ചർ | PTA |
| 4 | നമ്മുടെ പ്രദേശത്ത് വിവിധതരം മണ്ണ് ഉണ്ടെന്നു തിരിച്ചറിയൽ. | മണ്ണ് ശേഖരണം, വിവിത തരം രൂപങ്ങൾ നിർമ്മിക്കൽ, പരീക്ഷണം, കുറിപ്പ് തയ്യാറാക്കൽ, സർവ്വേ, പോസ്റ്റർ രചന, | 1 ആഴ്ച | | |
| 5 | റോഡ് നിയമങ്ങളെക്കുറിച്ചുള്ള ധാരണ. | സന്ദേശ വാക്യങ്ങൾ നിർമ്മിക്കൽ. വാർത്താ കൊളാഷ് (അപകടങ്ങൾ), വാഹനക്കളി, ട്രാഫിക് ലൈറ്റ്, ചിത്രരചന, ചെക്ക് ലിസ്റ്റ് പൂരിപ്പിക്കൽ. | | | |



| | | | | | |
|---|---|---|---|---|---|
| 6 | കേരളത്തിന്റെ ഭൂപടം പരിചയപ്പെടുകയും 14 ജില്ലകളും തിരിച്ചറിയുകയും ചെയ്യൽ. | ചിത്രവായന, ഔട്ട്ലൈൻ കൊടുത്ത് ജില്ലകൾ അടയാളപ്പെടുത്തൽ, ജിഗ്സോ നിർമ്മാണം, അതിരുകൾ അടയാളപ്പെടുത്തൽ. | 1 ആഴ്ച | ക്ലാസ്സ് ടീച്ചർ | PTA |
| 7 | കാർഷികോപകരണങ്ങൾ പരിചയപ്പെടൽ. | കാർഷിക ഉപകരണങ്ങളുടെ പ്രദർശനം, ചിത്രരചന, ചിത്രം ശേഖരിക്കൽ. | 1 ആഴ്ച | | |

ENGLISH STD III

| Sl No. | AIMS | ACTIVITIES | DURATION | RESPOSIBILITY | SUPPORT |
|---|---|---|---|---|---|
| 1 | Developing listening, speaking, reading and writing skills (LSRW) | ഇംഗ്ലീഷ് വായനക്ക് പ്രാധാന്യം നൽകുന്നു. എല്ലാ കുട്ടികൾക്കും വായിക്കാനവസരം നൽകുന്നു. ചെറിയ കഥാപുസ്തകങ്ങൾ നൽകി വായിപ്പിക്കുന്നു. ചിത്രം നൽകി വാക്കുകളും വാക്യങ്ങളും ഉണ്ടാക്കാനാവശ്യപ്പെടുന്നു. വ്യത്യസ്ത വർക്ക്ഷീറ്റുകൾ നൽകുന്നു. Roll play and skit - act as animals, plants vehicles and explain the body parts.<br>Collect things from school premises and explain it (colour, sizes etc.). spelling Game, Greeting, Dos and Don'ts, likes and dislikes etc are practised in everyday. Dictionary നോക്കാൻ പഠിപ്പിക്കുന്നു.<br><br>Stories like Jungle Books, Rhymes like Pet Shopping are available on internet. It can be used in classes to increase their interest in learning English. (ICT used) | June-March | Class Teacher | MPTA<br>PTA<br>Parents<br>Computer Teacher |
| 2 | Vocabulary Developement | | | | |
| 3 | Communication Skills | | | | |
| 4 | To increase interest in English. | | Monthly | Class Teacher | |



മലയാളം STD - IV

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും മലയാളം തെറ്റ് കൂടാതെ എഴുതാനും വായിക്കാനും കഴിയുക, | • പ്രീ-ടെസ്റ്റ് നടത്തുന്നു.<br>• പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>• മലയാളത്തിളക്കം<br>• അക്ഷരം ഉറപ്പിക്കൽ.<br>• അടയാളങ്ങൾ ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ് | 2 Months (ഓഗസ്റ്റ് - സെപ്റ്റംബർ) | ക്ലാസ്സ് ടീച്ചർ<br><br>പുസ്തകങ്ങൾ CD | BRC<br>DIET<br>PTA |
| 2 | പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | • വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ - നിർമ്മിക്കൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥ - ബാക്കി എഴുതൽ<br>• CDയിൽ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>• വർക്ക്ഷീറ്റ് - പരിശീലനം നൽകൽ<br>• വായനക്കൂട്ടം, ക്ലാസ്സ് ലൈബ്രറി<br>• പുസ്തക വായന, വായനാക്കുറിപ്പ് | 6 മാസം | | |
| 3 | പ്രതിഭകളെ പ്രോത്സാഹിപ്പിക്കുക, മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | • ഇ-വായന - പുസ്തക ക്വിസ്<br>• LSS - മികച്ച പരിശീലനം | 3 മാസം | ക്ലാസ്സ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി | BRC<br>IED<br>Trainer |

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 4 | വായനയിലേക്ക് നയിക്കുക | • ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>• വായനമൂല<br>• സമീപ ഗ്രന്ഥശാലാ അംഗത്വം<br>• പത്ര വായന<br>• പുസ്തക ചർച്ച<br>• വായനാക്കുറിപ്പ് പതിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യ വേദി - പങ്കാളിത്തം<br>• ബാലസഭ<br>• വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>• മികച്ച വായന - മത്സരം CPTA അനുമോദനം<br>• സ്കൂൾ അസ്സംബ്ലി<br>• അനുമോദനം | 6 മാസം | ക്ലാസ്സ് ടീച്ചർ<br><br>ഗ്രന്ഥശാല<br><br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br><br>വായനാമുറി | BRC<br>DIET<br><br>ഗ്രന്ഥശാല<br><br>PTA |



## ഗണിതം STD - IV

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | സംഖ്യാ ബോധം ഉറപ്പിക്കുക. പിന്നോക്കക്കാരെ കണ്ടെത്തൽ. പ്രത്യേക പരിശീലനം. | • സംഖ്യാ ചക്രം<br>• സംഖ്യ റിബ്ബൺ<br>• സംഖ്യാമരം<br>• സംഖ്യാ കാർഡ്<br>• സ്ഥാനവില പോക്കറ്റ്<br>• വർക്ക്ഷീറ്റ് | ഒന്നാം ടേം | ക്ലാസ്സ് ടീച്ചർ<br><br>പുസ്തകങ്ങൾ | DIET<br><br>SCERT |
| 2. | എല്ലാ കുട്ടികൾക്കും 10000 വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കാനും സാധ്യമാക്കുക. | • ഗണിത പസിൽ (Puzzle)<br>• പ്രവേശന നമ്പർ<br>• സംഖ്യാ മാല<br>• സംഖ്യാ പാറ്റേൺ - തയ്യാറാക്കൽ<br>• വർക്ക് ഷീറ്റ് | രണ്ടാം ടേം | | PTA |
| 3. | പിന്നോക്കക്കാർക്ക് സംഖ്യാബോധം ഉറപ്പിക്കുക | • സംഖ്യാ കാർഡ്<br>• സംഖ്യാ നിർമ്മാണം<br>• സംഖ്യാവായന - അക്ഷരം - അക്കം<br>• ലളിതമായ സംഖ്യാ പാറ്റേൺ നിർമ്മാണം<br>• സങ്കലനം, വ്യവകലനം (രണ്ടക്ക സംഖ്യ, മൂന്നക്ക സംഖ്യ)<br>• വർക്ക് ഷീറ്റ് | 1 വർഷം | | BRC<br><br>PTA |
| 4. | നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി സമയം കണ്ടെത്താനുള്ള ശേഷി നേടുക | • ക്ലോക്ക് നിർമ്മാണം<br>• ക്ലോക്കിന്റെ ചിത്രം വരക്കൽ<br>• കലണ്ടർ നോക്കി ആഴ്ച, മാസം കണ്ടുപിടിക്കൽ | | | |
| 5. | ഗുണന വസ്തുതകൾ ഉറപ്പിക്കൽ | • കലണ്ടർ നിർമ്മാണം<br>• സംഖ്യാ കേളികൾ<br>• IT സാധ്യത പ്രയോജനപ്പെടുത്തൽ<br>• പാറ്റേൺ പൂർത്തിയാക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| 6. | അളവു തൂക്ക ഉപകരണങ്ങളുടെ നിർമ്മാണത്തിൽ പങ്കുചേരൽ | • മീറ്റർ സ്കെയിൽ നിർമ്മാണം | | | |
| 7. | യുക്തി ചിന്ത വളർത്തുക | • പാറ്റേൺ കണ്ടെത്തൽ<br>• പാറ്റേൺ രൂപീകരണം<br>• ഗണിത കേളി<br>• സംഖ്യാമാല | | ക്ലാസ്സ് ടീച്ചർ | BRC<br>PTA |
| 8. | ഗണിതക്രിയയിൽ വേഗതയും കൃത്യതയും ആർജ്ജിക്കുക | • കലണ്ടർ കൌതുകം<br>• മനക്കണക്കുകൾ<br>• ഗണിത ക്വിസ്<br>• മാന്ത്രികച്ചതുരം<br>• കുസൃതിക്കണക്ക്<br>• ജ്യാമതീയ രൂപങ്ങൾ<br>• ചിത്ര പാറ്റേൺ നിർമ്മാണം<br>• വർക്ക്ഷീറ്റ് | മൂന്നാം ടേം | | |
| 9. | പ്രായോഗിക പ്രശ്ന നിർദ്ധാരണം | • കച്ചവടക്കണക്ക് - കളിനോട്ടുകൾ<br>• LSS<br>• പട്ടികപ്പെടുത്തൽ<br>• ചിത്രീകരണം<br>• മതിച്ചുപറയൽ<br>• നിഗമന രൂപീകരണം<br>• കുടുംബ ബജറ്റ്<br>• വ്യത്യസ്ത വഴികൾ<br>• വർക്ക്ഷീറ്റ് | | | PTA |



## പരിസരപഠനം STD - IV

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | നിരീക്ഷണ പാടവവും അന്വേഷണോത്സകതയും വളർത്തിയെടുക്കൽ | നമുക്കുചുറ്റും കാണുന്ന സസ്യങ്ങളിലെ സിരാവിന്യാസം, വേര് പടലം എന്നിവ നിരീക്ഷിച്ച് നിരീക്ഷണക്കുറിപ്പ് തയാറക്കൽ, പട്ടികപ്പെടുത്തൽ. | 3 മാസം | ക്ലാസ്സ് ടീച്ചർ | |
| 2. | പരിസരസൌഹൃദ മനോഭാവം വളർത്തിയെടുക്കൽ. | ഫീൽഡ് ട്രിപ്പ്, പ്രകൃതി നടത്തം<br>ജൈവ വൈവിധ്യം- ഇടയിലക്കാട്<br>കാനായി-കാനം സന്ദർശനം<br>ആവാസവ്യവസ്ഥ - ജീവീയ അജീവീയ ഘടകങ്ങൾ തമ്മിലുള്ള ബന്ധംജീവികളുടെ ശാരീരിക സവിശേഷതകൾ - വാസസ്ഥലങ്ങളിൽ ജീവിക്കുന്നതിന് അനുയോജ്യമായവ കണ്ടെത്തൽ- പട്ടികപ്പെടുത്തൽ. | 6 മാസം | | |
| 3. | നാടിന്റെ ചരിത്രം കണ്ടെത്തൽ. | നമ്മുടെ നാടിന്റെ ചരിത്രത്തെ സൂചിപ്പിക്കുന്ന സ്മാരകങ്ങൾ, അടയാളങ്ങൾ-കണ്ടെത്തൽ- പതിപ്പ് | | | |
| 4. | ശാസ്ത്രാഭിമുഖ്യം വളർത്തൽ | ക്ലബ്ബ് രൂപീകരണം<br>വായന-ചർച്ച - പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ - പ്രൊജക്റ്റ് പൂർത്തിയാക്കൽ, യൂറിക്ക, ശാസ്ത്രകേരളം പോലുള്ള ശാസ്ത്രമാസികകൾ പരിചയപ്പെടുക<br><br>നിരീക്ഷണ- സർവ്വേ - സന്ദേശ വാക്യം- പോസ്റ്റർ നിർമ്മാണം<br>വാർത്തകൾ ശേഖരിക്കൽക്ലബ്ബ് രൂപീകരണം | | | |